# മഹാത്മാഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജനവരി 29

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

ഫെബ്രുവരി അഞ്ചിന് നടത്താനിരുന്ന നാലാം വർഷ ബി.എസ് സി. എം.എൽ.റ്റി. (റഗുലർ/സപ്ലിമെന്ററി - 2008 അഡ്മിഷൻ മുതൽ) പരീക്ഷകൾ ഫെബ്രുവരി 12ന് നടക്കും. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മറ്റു പരീക്ഷകൾക്കും മാറ്റമില്ല.

(പി.ആർ.ഒ/39/153/2021)

## എം.ജി.യിൽ എം.എസ് സി., എം.ടെക് പ്രവേശനം; അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയുടെ പഠനവകുപ്പുകളിൽ പുതുതായി ആരംഭിക്കുന്ന ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാം. എം.എസ് സി. നാനോസയൻസ് ആന്റ് നാനോ ടെക്നോളജി (ഫിസിക്സ്), എം.എസ് സി. നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി (കെമിസ്ട്രി), എം.എസ് സി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, എം.എസ് സി. സ്റ്റാറ്റിസ്റ്റിക്സ്, എം.ടെക് നാനോസയൻസ് ആന്റ് നാനോ ടെക്നോളജി, എം.ടെക് എനർജി സയൻസ് പ്രോഗ്രാമുകളിലേക്കാണ് പ്രവേശനം. www.cat.mgu.ac.in എന്ന വെബ്സൈറ്റിലൂടെ ഫെബ്രുവരി എട്ടിന് വൈകീട്ട് നാലുവരെ ഓൺലൈനായി അപേക്ഷ നൽകാം. യോഗ്യത പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലാണ് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് പ്രവേശനം. സാധുതയുള്ള ഗേറ്റ് സ്കോറിന്റെ അടിസ്ഥാനത്തിലാണ് എം.ടെക് പ്രവേശനം. സാധുതയുള്ള ഗേറ്റ് സ്കോർ ഉള്ളവരുടെ അഭാവത്തിൽ യോഗ്യത പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നൽകും. എസ്.സി./എസ്.ടി. വിഭാഗത്തിന് 550 രൂപയും മറ്റുള്ളവർക്ക് 1100 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. വിശദവിവരത്തിന് ഫോൺ: 0481-2733595. ഇമെയിൽ: cat@mgu.ac.in

(പി.ആർ.ഒ/39/154/2021)

## 'നവകേരളം യുവകേരളം' സംവാദ പരിപാടി; വിദ്യാർഥികൾക്ക് മുഖ്യമന്ത്രിയുമായി ആശയങ്ങളും കാഴ്ചപ്പാടും പങ്കുവയ്ക്കാം

ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ ഫെബ്രുവരി എട്ടിന് മഹാത്മാഗാന്ധി സർവകലാശാലയിൽ വിദ്യാർഥി പ്രതിഭകളുമായി നടത്തുന്ന 'സി.എം. അറ്റ് കാമ്പസ്' സംവാദപരിപാടിയിലേക്ക് വിദ്യാർഥികൾക്ക് ആശയങ്ങളും കാഴ്ചപ്പാടുകളും പങ്കുവയ്ക്കാം. മഹാത്മാഗാന്ധി സർവകലാശാലയുടെ www.mgu.ac.in എന്ന വെബ്സൈറ്റിലെ 'നവകേരളം യുവകേരളം' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ പ്രത്യേക പോർട്ടലിൽ പ്രവേശിക്കാം. ഫെബ്രുവരി രണ്ടിന് വൈകീട്ട് അഞ്ചുവരെ പോർട്ടലിലൂടെ രജിസ്റ്റർ ചെയ്ത് ആശയങ്ങൾ അപ്ലോഡ് ചെയ്യാം. മഹാത്മാഗാന്ധി സർവകലാശാലയിലെയും സർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിലെയും കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലേയും ഉന്നതവിദ്യാഭ്യാസത്തെപ്പറ്റി വ്യക്തമായ ആശയവും കാഴ്ചപ്പാടുമുള്ള വിദ്യാർഥികൾക്കും കലാ-കായിക രംഗത്ത് മികവ് തെളിയിച്ച തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾക്കുമാണ് മുഖ്യമന്ത്രിയോട്

സംവദിക്കാൻ അവസരം ലഭിക്കുക. വിദ്യാർഥികളുടെ ആശയങ്ങളും കാഴ്ചപ്പാടുകളും ഉൾക്കൊണ്ട് ലോകനിലവാരത്തിലുള്ള വിദ്യാഭ്യാസരീതിയിലൂടെ നവകേരളം സൃഷ്ടിക്കാനുതകുന്ന പാഠ്യപദ്ധതിയുടെ സാധ്യതകളാണ് 'നവകേരളം - യുവകേരളം' മുന്നോട്ടുവയ്ക്കുന്നത്.
വിദ്യാർഥികളുടെ നൂതന ആശയങ്ങൾ കണ്ടുപിടുത്തങ്ങളായിമാറ്റുക, മൾട്ടിഡിസിപ്ലിനറി വിദ്യാഭ്യാസം എന്ന സങ്കല്പം പ്രാവർത്തികമാകുന്നതിനുതകുന്നതരത്തിൽ ഉന്നതവിദ്യാഭ്യാസരംഗം മാറ്റുക, കണ്ടുപിടുത്തങ്ങളും നൂതന ആശയങ്ങളും സമൂഹത്തിനുതകുന്നതരത്തിൽ സ്റ്റാർട്ടപ്പുകൾപോലുള്ള വ്യാവസായികസംരംഭത്തിലേക്ക് നയിക്കുക, മാനവവിഭവശേഷി പരിശീലനത്തിന് മുൻതൂക്കം നൽകി ഉയർന്ന തൊഴിൽ സാധ്യതകളും സുരക്ഷിതമായ ഭാവിയും ഉറപ്പുനൽകുന്ന രീതിയിൽ ബിരുദ-ബിരുദാനന്തര ഗവേഷണപദ്ധതികൾ സാധ്യമാക്കുക, കൂടാതെ സമത്വം, ലഭ്യത, ഉൾക്കൊള്ളൽ എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കി ഉന്നതവിദ്യാഭ്യാസരംഗത്ത് ആരോഗ്യപരമായ മാറ്റങ്ങൾ വിഭാവനം ചെയ്യുക എന്നിവയും പരിപാടി ലക്ഷ്യം വയ്ക്കുന്നു.

പോർട്ടലിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി. ഷാനവാസ്, പ്രൊഫ. പി. ഹരികൃഷ്ണൻ, ഡോ. ഷാജില ബീവി, ഡോ. വർഗീസ് കെ. ചെറിയാൻ, ഡോ. ബി. കേരളവർമ്മ, ഡോ. നന്ദകുമാർ കളരിക്കൽ, ഡോ. കെ.എം. സുധാകരൻ, രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, ഫിനാൻസ് ഓഫീസർ ബിജു മാത്യുഎന്നിവർ പങ്കെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**മുഖ്യമന്ത്രി പിണറായി വിജയൻ വിദ്യാർഥി പ്രതിഭകളുമായി നടത്തുന്ന 'സി.എം. അറ്റ് കാമ്പസ് സംവാദപരിപാടിയുടെ പോർട്ടൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി. ഷാനവാസ്, പ്രൊഫ. പി. ഹരികൃഷ്ണൻ എന്നിവർ സമീപം**

(പി.ആർ.ഒ/39/155/2021)

## പരീക്ഷ തീയതി

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ നാലാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - സി.എസ്.എസ്.) പരീക്ഷകൾ ഫെബ്രുവരി 24 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഫെബ്രുവരി 10 വരെയും 525 രൂപ പിഴയോടെ ഫെബ്രുവരി 11 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി 12 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/156/2021)

## എം.ബിഎ. അപേക്ഷ തീയതി

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ മൂന്നാം സെമസ്റ്റർ എം.ബി.എ. (റഗുലർ, റീഅപ്പിയറൻസ്) പരീക്ഷയ്ക്ക് അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/157/2021)

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ. മലയാളം (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2015 അഡ്മിഷൻ മുതലുള്ള വിദ്യാർഥികൾ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 12 വരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കണം. 2015 അഡ്മിഷന് മുമ്പുള്ളവർ നിശ്ചിത ഫീസ് സഹിതം പരീക്ഷ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ട് അപേക്ഷ നൽകണം.

(പി.ആർ.ഒ/39/158/2021)

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എഫ്.ടി., ബി.എസ്.ഡബ്ല്യു., ബി.ടി.എസ്., സി.ബി.സി.എസ്.എസ്. (മോഡൽ 3 - 2013-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും

സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 12 വരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/159/2021)

2019 ഒക്‌ടോബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എഫ്.ടി., ബി.എസ്.ഡബ്ല്യു, ബി.ടി.ടി.എം., സി.ബി.സി.എസ്. (മോഡൽ 3 - 2019 അഡ്മിഷൻ റഗുലർ, 2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 12 വരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/160/2021)

## രണ്ടാം സെമസ്റ്റർ ബിരുദ മൂല്യനിർണയ ക്യാമ്പിന് തുടക്കം

രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണയ ക്യാമ്പുകൾ തുടങ്ങി. ഒൻപത് മേഖലകേന്ദ്രങ്ങളിലായാണ് മൂല്യനിർണയം. ഹോം ക്വാറന്റൈനിൽ കഴിയുന്നവർ ഒഴികെ മുഴുവൻ അഫിലിയേറ്റഡ് കോളേജുകളിലെയും ഗസ്റ്റ് അധ്യാപകർ ഉൾപ്പെടെയുള്ളവർ പങ്കെടുക്കുന്നു. പാലാ അൽഫോൺസാ കോളേജിലെ മൂല്യനിർണയ ക്യാമ്പിന്റെ പ്രവർത്തനം പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ വിലയിരുത്തി. സിൻഡിക്കേറ്റംഗം ഡോ. എ. ജോസ് ഒപ്പമുണ്ടായിരുന്നു. കോട്ടയം ബി.സി.എം. കോളേജ് (9562869005), ചങ്ങനാശേരി ക്രിസ്തുജ്യോതി കോളേജ് (9544389606), കോഴഞ്ചേരി സെന്റ് തോമസ് കോളേജ് (9446824314), പാല അൽഫോൺസാ കോളേജ് (9447362420), മൂവാറ്റുപുഴ നിർമ്മല കോളേജ് (9567490441), തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജ് (9567911611), ആലുവ യു.സി. കോളേജ് (8075478265), ലബ്ബക്കട ജെ.പി.എം. കോളേജ് (7025154050), അടിമാലി കാർമ്മൽഗിരി കോളേജ് (8547093816) എന്നിവയാണ് മൂല്യനിർണയ കേന്ദ്രങ്ങൾ.

(പി.ആർ.ഒ/39/161/2021)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ